LIBRARY ARCHIVES Kerala Legislative Assembly

കാവുകളെ സംരക്ഷിക്കാൻ നടപടി

47 [2910] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്യേറ്റത്തിനിരയായും ആവശ്യമായ സംരക്ഷണം ലഭിക്കാതെയും നശിച്ചുകൊണ്ടിരിക്കുന്ന കാവുകളെ സംരക്ഷിക്കാൻ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ അറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജനങ്ങളുടെയും പങ്കാളിത്തത്തോടെ കാവുകളുടെ സംരക്ഷണത്തിനായി പദ്ധതി തയ്യാറാക്കുമോ?

ഉത്തരം

(എ) ഉണ്ട്. തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡുകളുടെ കീഴിൽ വരുന്ന കാവുകളിലെ കയ്യേറ്റം ഒഴിവാക്കുവാനായി അവിടെ മുള്ളുവേലി കെട്ടിയും മതിൽ കെട്ടിയും അതത് ബോർഡുകൾ സംരക്ഷിച്ചുവരുന്നുണ്ട്. മലബാറിലെ ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ നശിച്ചുകൊണ്ടിരിക്കുന്ന കാവുകളെ സംരക്ഷിക്കുന്നതിനായി, സർക്കാരിന്റെ സഹായത്തോടെ, ക്ഷേത്രഭൂമി റീസർവ്വേ ചെയ്യാനും ഭൂമി മതിൽ കെട്ടി സംരക്ഷിക്കാനും ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ സ്വകാര്യ കാവുകളെ സംബന്ധിച്ച് നിലവിൽ ദേവസ്വംവകുപ്പിന് പദ്ധതികളൊന്നുമില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

"തൂക്കം" എന്ന അനുഷ്ഠാനം

48 [2911] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എ. പി. അനിൽകുമാർ:
,, തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ക്ഷേത്രങ്ങളിൽ തൂക്കം നടക്കുന്നുണ്ട്; തൂക്കം നടത്തുന്നതിന്റെ ചര്യകളും രീതിയുമെന്തെന്ന് വിശദീകരിക്കുമോ;

(ബി) ഈ അനുഷ്ഠാനത്തിനെതിരെ പൊതുജനാഭിപ്രായം ഉയർന്നിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത തൂക്കം നിയമം മൂലം നിർത്തലാക്കുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വർക്കല ഗ്രൂപ്പിലെ ശാർക്കര ക്ഷേത്രത്തിൽ മാത്രമാണ് അംഗീകൃത രീതിയിലുള്ള തൂക്കം നടക്കുന്നത്. ഉൽസവത്തോടനുബന്ധിച്ച് നടക്കുന്ന തൂക്കത്തിന് വ്രതക്കാരുടെ അര യിൽ പട്ട് കെട്ടി അതിൽ കൊളുത്ത് ഇട്ടാണ് തൂക്കം നടക്കുന്നത്. ആയത് 201 തൂക്കമായി നിജപ്പെടുത്തിയിട്ടുണ്ട്.

(ബി ആന്റ് സി) ചില സ്വകാര്യ ദേവസ്വങ്ങളിലെ പ്രാകൃത "തൂക്കം" നടത്തിപ്പിനെതിരെ ആരോപണങ്ങൾ ഉണ്ടായിട്ടുണ്ട്. അത്തരം തൂക്കങ്ങൾ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം തന്നെ നിർത്തലാക്കാൻ കഴിയുന്നതാണ്.

സംസ്ഥാനത്തെ പ്രസിദ്ധമായ കൂത്തമ്പലങ്ങൾ സംരക്ഷിക്കാൻ നടപടി

49 [2912] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

,, എം. എ. ചന്ദ്രശേഖരൻ:

,, കെ. സി. വേണുഗോപാൽ:

,, ലൂഡി ലൂയിസ്:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ടൂറിസ്റ്റ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രസിദ്ധമായ എത്ര കൂത്തമ്പലങ്ങളുണ്ട്;

(ബി) ഇവ സംരക്ഷിക്കാൻ എന്തെല്ലാം നടപടികളെടുക്കാനുദ്ദേശിക്കുന്നു;

(സി) ചെങ്ങന്നൂർ മഹാദേവ ക്ഷേത്രത്തിലെ അണ്ഡാകൃതിയിലുള്ള കൂത്തമ്പലം കത്തിയതെന്നാണ്; അതിന് എത്ര വർഷത്തെ പഴക്കമുണ്ടായിരുന്നു;

(ഡി) കത്തിപ്പോയ ചെങ്ങന്നൂർ മഹാദേവ ക്ഷേത്രത്തിലെ കൂത്തമ്പല ത്തിന്റെ പുനഃസൃഷ്ടിക്ക് പരിപാടിയുണ്ടോ;

(ഇ) അത് പുനഃസൃഷ്ടിച്ച് പൈതൃക സ്വത്തായി കാത്തുസൂക്ഷിക്കുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) കൂത്തമ്പലങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം അതത് ദേവസ്വം ബോർഡുകൾ ചെയ്യാറുണ്ട്.

(സി) കൊല്ലവർഷം 889-ാമാണ്ട് മീനം 9-ാം തീയതിയാണ് ചെങ്ങന്നൂർ ക്ഷേത്രത്തിലെ കൂത്തമ്പലം കത്തിയത്. അതിന് 290 വർഷത്തെ പഴക്കമുണ്ടായിരുന്നു.

(ഡി ആന്റ് ഇ) കൂത്തമ്പലം പുനഃസൃഷ്ടിക്കുന്ന കാര്യം ഇതിലേക്ക് വരുന്ന സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് പരിശോധിക്കുന്നതാണെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly